"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം-പാലക്കാട് ജില്ല- കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ 2009-2010 വർഷത്തിൽ നടപ്പാക്കിയ വടക്കേക്കര-മയിലാടിപ്പാറ കുടിവെള്ളപദ്ധതിയിലെ ക്രമക്കേടുകളിൽ സേവനത്തിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.ജോൺസൺ വർഗ്ഗീസിനെതിരെ കെ.എസ്.ആർ. പ്രകാരമുള്ള അച്ചടക്കനടപടി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.203/2026/LSGD തീയതി,തിരുവനന്തപുരം, 26-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ(എഎ)വകുപ്പിന്റെ 05.07.2014-ലെ 44289/എഎ3/2014/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ്.
2. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമിന്റെ അന്വേഷണത്തിന്റെ റിപ്പോർട്ട്.
3. 28.12.22 ലെ 186/EWA3/2022/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. 12.02.2024 ൽ ശ്രീ. ജോൺസൺ വർഗ്ഗീസ് സമർപ്പിച്ച മറുപടി.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.01.2025-ലെ LSGD/PD/12956/2023-VIGC6 നമ്പർ കത്ത്.
6. GO(Rt) No.472/2025/LSGD തീയതി 14-02-2025.
7. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ 24.04.25-ലെ A1-136/2025/AEE/LSGD/SKPM നമ്പർ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ 2009-2010 വർഷത്തിൽ നടപ്പിലാക്കിയ വടക്കേക്കര-മയിലാടിപ്പാറ കുടിവെള്ള പദ്ധതിയിൽ അഴിമതിയും നിർവ്വഹണ കാലതാസവും, അശാസ്ത്രീയതയും ഉണ്ടെന്നാരോപിച്ച് ലഭ്യമായ പരാതിയിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം 13.02.2014-ൽ നടത്തിയ അന്വേഷണത്തിൽ, ചെയ്യാത്ത പ്രവൃത്തി രേഖപ്പെടുത്തി പണം നല്കിയതിലൂടെ ബന്ധപ്പെട്ട മുൻ അസിസ്റ്റന്റ് എഞ്ചിനീയറും, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും പൊതുപണം പാഴാക്കുകയും അഴിമതി നടത്തുകയും ചെയ്തു എന്നും, ആകയാൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കെതിരെ കഠിന ശിക്ഷ സ്വീകരിയ്ക്കേണ്ടതാണെന്നും, ടി ഉദ്യോഗസ്ഥർ, ഗുണഭോക്തൃ സമിതി കൺവീനർ എന്നിവരിൽ നിന്നും ടി തുക തുല്യമായി തിരിച്ചു പിടിക്കണമെന്നും പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. കുടിവെള്ള പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) ശ്രീ.എ.എസ്.മോഹനൻ-നെതിരെ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ജലവിഭവവകുപ്പിന് നൽകി.

3. അതേസമയം, അസി.എഞ്ചിനിയർ (റിട്ട) ശ്രീ. ജോൺസൺ വർഗ്ഗീസ്-നെതിരെ KSR ഭാഗം III ചട്ടം 59(ഡി) പ്രകാരമുള്ള നടപടി ആരംഭിയ്ക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം സ്ഥിരമായി തടഞ്ഞുവക്കുക എന്ന ശിക്ഷ നടപ്പാക്കാതിരിയ്ക്കുന്നതിനുളള കാരണം ബോധിപ്പിയ്ക്കുവാൻ ആവശ്യപ്പെട്ട്കൊണ്ട് പരാമർശം (3) പ്രകാരം കാണിയ്ക്കൽ നോട്ടീസ് നല്കുകയുണ്ടായി.

4. പ്രസ്തുത കാരണം കാണിയ്ക്കൽ നോട്ടീസിന് അസി.എഞ്ചിനിയർ (റിട്ട.) ശ്രീ.ജോൺസൺ വർഗ്ഗീസ് സമർപ്പിച്ച പരാമർശം (4) മറുപടിയിൽ, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ ജലനിധി മിനികുടിവെള്ളപദ്ധതി ആയ വടക്കേകര-മയിലാടിപ്പാറ കുടിവെള്ളപദ്ധതിയിൽ project No.51/2009-10 പ്രകാരം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉള്ളതായി ആഡിറ്റ് വിഭാഗം കണ്ടെത്തിയ തുക, 10,175.00/- രൂപ സർക്കാർ കത്തിന്റെ വെളിച്ചത്തിൽ Receipt No. (1) 122010435/Go90402 dated 13.07.2022, (2) Receipt No.1220101434/Go90402 dated 13.07.2022 (3) Receipt No.1220100852/Go90402 dated 04.06.2022 എന്നിവ പ്രകാരം 13.07.2022-ൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടികൾ അവസാനിപ്പിക്കണമെന്നും ശ്രീ.ജോൺസൺ വർഗ്ഗീസ് അപേക്ഷിച്ചിരുന്നു.

5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പ്രസ്തുത മറുപടിയിന്മേൽ പരാമർശം (5) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, പഴയ കിണറിൽ വെള്ളം ലഭിക്കാത്തത് കാരണം കുഴൽക്കിണർ നിർമ്മിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതി ഇപ്പോഴും വിജയകരമായി പ്രവർത്തിക്കുന്നതായും 25 എസ്.സി. കുടുംബങ്ങൾക്ക് പദ്ധതികൊണ്ട് ഗുണമുണ്ട് എന്നും ഗുണഭോക്തൃ സമിതിയുടെ കീഴിൽ 14 വർഷമായി പദ്ധതി പ്രവർത്തിച്ച് വരുന്നുണ്ടെന്നും അന്നത്തെ ഉദ്യോഗസ്ഥനായ ശ്രീ.ജോൺസൺ വർഗീസ് സർവീസിൽ നിന്നും റിട്ടയർ ചെയ്തസ്ഥിതിയ്ക്ക് ടിയാനെതിരായ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു.

6. നടപടി ക്രമങ്ങളുടെ ഭാഗമായി പരാമർശം (7) പ്രകാരം സമർപ്പിയ്ക്കപ്പെട്ട ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, പരാതിക്കടിസ്ഥാനമായ വടക്കേക്കര-മയിലാടിപ്പാറ കുടിവെള്ളപദ്ധതി പ്രദേശത്ത് സ്ഥലപരിശോധന നടത്തിയതിൽ ഈ പ്രദേശത്തെ മുപ്പതോളം കുടുംബങ്ങൾക്ക് വിജയകരമായി കുടിവെള്ളം വിതരണം നടത്തുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

7. ചട്ടപ്രകാരം 7.7.2025-ൽ ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും ശ്രീ.ജോൺസൺ വർഗ്ഗീസ് ഹാജരാകുകയുണ്ടായില്ല. ടിയാൾക്ക് യാത്ര ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ വകുപ്പ് അണ്ടർ സെക്രട്ടറി 24.9.2025-ൽ ഗൂഗിൾ മീറ്റ് മുഖേന ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. 2010 March അവസാനം ബില്ലുകൾ സെറ്റിൽ ചെയ്യേണ്ട തിരക്കിനിടയിൽ വടക്കേക്കര-മയിലാടിപ്പാറ കുടിവെള്ളപദ്ധതിയിൽ

കിണർ നിർമ്മിച്ചതിന്റെ ബില്ലുകൂടി ഒപ്പിടാൻ സെക്രട്ടറി നിർബന്ധിക്കുകയുണ്ടായിയെന്നും ആയതിനാൽ വൈകീട്ട് 6.30 അടുപ്പിച്ചാണ് സൈറ്റ് വെരിഫിക്കേഷന് പോയതെന്നും ഇരുട്ടായതിനാൽ കയറിൽ കല്ല് കെട്ടി കിണറിനകത്ത് ഇറക്കി കല്ല് മുട്ടുന്നത് നോക്കി ആണ് measurement എടുത്തതെന്നും അപ്രകാരം രാത്രി 8 മണിയ്ക്കാണ് ബില്ല് തയ്യാറാക്കിയതെന്നും തുടർന്ന് ജൂണിൽ ട്രാൻസ്ഫർ ആയിയെന്നും, 2013-ൽ റിട്ടയർ ആയതിന് ശേഷം 2014-15 കാലയളവിലാണ് ഇപ്രകാരം പരാതി വന്നതായി അറിഞ്ഞതെന്നും എന്നിട്ടും ആയതിൽ നഷ്ടം സംഭവിച്ചതായി നോട്ടീസ് ലഭിച്ച ഉടൻ 10175/- രൂപ 13.07.2022-ൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നും, കൂടാതെ 15 Km വ്യത്യാസത്തിൽ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ രണ്ട് പഞ്ചായത്തുകളുടെ ചാർജ്ജ് ഉണ്ടായിരുന്നതിനാൽ എല്ലാ സൈറ്റുകളിലും എത്തിച്ചേരുന്നത് സാധ്യമല്ലായിരുന്നുവെന്നും മറ്റുനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

8. പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസിന് അസി.എഞ്ചിനിയർ (റിട്ട.) ശ്രീ.ജോൺസൺ വർഗ്ഗീസ് സമർപ്പിച്ച മറുപടി, തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽഡയറക്ടർ സമർപ്പിച്ച അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിംഗിൽ ലഭ്യമായ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വളരെ വിശദമായി പരിശോധിച്ചു. 2010 വർഷത്തിൽ പൂർത്തീകരിച്ചതായ പദ്ധതി ഇപ്പോഴും വിജയകരമായി പ്രവർത്തിക്കുന്നതായും 25 എസ്.സി കുടുംബങ്ങൾക്ക് ഗുണമുണ്ട് എന്നും 14 വർഷമായി പദ്ധതി പ്രവർത്തിച്ച് വരുന്നുണ്ടെന്ന് റിപ്പോർട്ടുകളിൽ നിന്നും ബോധ്യപ്പെട്ടതിനാലും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം കണ്ടെത്തിയ നഷ്ടതുകയായ 10,175/- രൂപയിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോൺസൺ വർഗ്ഗീസിന്റെ വിഹിതമായ 3,400/- രൂപ ടിയാനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നതിനാലും (രസീത് നം.1220100852/G090402 Dt.04.06.2022) 2013-ൽ വിരമിച്ച ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നത് ഉചിതമാകില്ല. ആകയാൽ, കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിൽ 2009-2010 വർഷത്തിൽ നടപ്പിലാക്കിയ വടക്കേക്കര-മയിലാടിപ്പാറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അസി.എഞ്ചിനിയർ (റിട്ട.) ശ്രീ.ജോൺസൺ വർഗ്ഗീസ്-നെതിരെ KSR ഭാഗം III ചട്ടം 59 (ഡി) പ്രകാരം കഠിനശിക്ഷയ്ക്കായി സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിൽ ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിയ്ക്കേണ്ടതില്ല എന്നു തീരുമാനിച്ച് ടിയാളെ കുറ്റവിമുക്തനാക്കിയും അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ജോൺസൺ വർഗീസ്, അസി.എഞ്ചിനിയർ (Rtd) (**തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം**)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(**ഈ ഉത്തരവുപ്രകാരമുള്ള തുടർനടപടിയ്ക്കായി**)

3. തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ് ( 05.07.2014-ലെ 44289/എഎ3/2014/തസ്വഭവ നമ്പർ കുറിപ്പ് പ്രകാരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ),കേരള, തൃശ്ശൂർ
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(EWA3/186/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 27-01-2026 10:29:48
സെക്ഷൻ ഓഫീസർ